KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 01.11.2022

## സർക്കുലർ നമ്പർ 77/2022 (BD)

വിഷയം : നവംബർ 6 കെ.എസ്.എഫ്.ഇ ദിനം – പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ട്

** ** **

നമ്മുടെ സ്ഥാപനത്തിന്റെ 53–ാം പിറന്നാൾ 06.11.2022 ന് ആഗതമാകുകയാണ്. കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലും പരിമിതമായ രീതിയിലാണ് നമ്മൾ പിറന്നാൾ ആഘോഷം നടത്തിയിരുന്നത്. എന്നാൽ കമ്പോളത്തിൽ പൊതുവെ ഒരു പുത്തനുണർവ് വന്ന സാഹചര്യത്തിലും, കോവിഡ് ഒരു പരിധിവരെ പിൻവാങ്ങിയ സാഹചര്യത്തിലും ഇത്തവണ മെച്ചപ്പെട്ട രീതിയിൽ തന്നെ പിറന്നാൾ ആഘോഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ള ചിട്ടി ബിസിനസ്സ് 805 കോടി രൂപയിൽ ഇതുവരെ 57% ത്തിനു മേൽ ആർജ്ജിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി കാലയളവിനുള്ളിൽ തന്നെ നമുക്ക് ലക്ഷ്യം കൈവരിക്കുവാൻ കഴിയണമെന്ന ദൃഢ നിശ്ചയത്തിലാണ് നമ്മൾ പിറന്നാൾ ആഘോഷത്തിലേയ്ക്ക് കടക്കുന്നത്.

ഇത്തവണ പിറന്നാൾ ദിനം വരുന്ന 06.11.2022 ഞായറാഴ്ച ആയതുകൊണ്ട് നമ്മുടെ പ്രിയപ്പെട്ട ഇടപാടുകാരെക്കൂടി പിറന്നാൾ ആഘോഷത്തിൽ പങ്കെടുപ്പിക്കാൻ വേണ്ടി ആഘോഷങ്ങൾ 07.11.2022 നാണ് നടത്തേണ്ടത്.

ഇതോടൊപ്പം അയക്കുന്ന ബാനർ പ്രിന്റ് ചെയ്ത് ശാഖാ പരിസരത്ത് നേരത്തേ തന്നെ പ്രദർശിപ്പിച്ചും, 07.11.2022 ന് രാവിലെ 10.05 ന് താഴെ പറയുന്ന പ്രതിജ്ഞ മുഴുവൻ ജീവനക്കാരും ഒത്തു ചേർന്ന് ചൊല്ലിയും നമ്മുടെ പിറന്നാൾ ദിനം ആഘോഷിക്കേണ്ടതാണ്. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടാകണം ബാനർ പ്രിന്റ് ചെയ്യേണ്ടത്. പ്രതിജ്ഞ, ശാഖാ മാനേജർ/ ഓഫീസ് മേധാവി ചൊല്ലിക്കൊടുക്കേണ്ടതും ജീവനക്കാർ അതേറ്റു ചൊല്ലേണ്ടതുമാണ്. പിറന്നാൾ ആഘോഷങ്ങൾക്കായി 1000/- രൂപ വീതം ശാഖകൾക്കും, മേഖലാ ഓഫീസുകൾക്കും ചെലവാക്കാവുന്നതാണ്. ഇടപാടുകാർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുന്നത് അഭികാമ്യമായിരിക്കും.

**"കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും വിശ്വാസം പിൻപറ്റിക്കൊണ്ട് കെ.എസ്.എഫ്.ഇ. ജനസേവനത്തിന്റെ 53 വർഷങ്ങൾ വിജയകരമായി പൂർത്തിയാക്കുകയാണ്. കേരളത്തിലെ ഏറ്റവും മികച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ മുന്നിൽ നിൽക്കുന്ന കെ.എസ്.എഫ്.ഇ. യുടെ മുന്നോട്ടുള്ള പ്രയാണത്തിനായി ജീവനക്കാരായ ഞങ്ങൾ പ്രയത്നിക്കുമെന്നും, അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുമെന്നും ഇടപാടുകാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്ന തരത്തിൽ ഇടപെടുമെന്നും ഈ 53– ാം പിറന്നാൾ വേളയിൽ പ്രതിജ്ഞ ചെയ്യുന്നു".**

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ